# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം
2013 ഏപ്രിൽ 3, ബുധൻ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 284)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | 2999 മുതൽ 3073 വരെ |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | 3074 മുതൽ 3111 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | 3112 മുതൽ 3202 വരെ |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | 3203 മുതൽ 3282 വരെ |

ഗ്രാമവികസന വകുപ്പിന്റെ പദ്ധതി വിഹിത ചെലവ്

2999 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 സാമ്പത്തിക വർഷത്തെ ഗ്രാമവികസന വകുപ്പിന്റെ പദ്ധതി വിഹിതം എത്രയാണ് ;

(ബി) ഇതിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചു; ചെലവിന്റെ ശതമാനം എത്ര?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാൻ നടപടി

3000

ശ്രീ. ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്
,, വർക്കല കഹാർ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കുവാൻ വിവിധ വകുപ്പുകളെ സജ്ജമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആസൂത്രണ ബോർഡ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പദ്ധതി ചെലവ് സംബന്ധിച്ച് വിവരങ്ങൾ നൽകാത്ത വകുപ്പുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(സി) വിവരങ്ങൾ നൽകാത്ത വകുപ്പുകളുടെ പദ്ധതി വിഹിതം കുറയ്ക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

ഗ്രാമവികസന വകുപ്പിന് അനുവദിച്ച കേന്ദ്ര വിഹിതം

3001 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പ് വഴി സംസ്ഥാനത്ത് പദ്ധതികൾ നടപ്പിലാക്കുന്നതിന് 2012-2013 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് എത്ര രൂപയാണ് അനുവദിച്ചത് ;

(ബി) പ്രസ്തുത തുകയിൽ എത്ര രൂപ ചെലവഴിച്ചുവെന്നും ചെലവിന്റെ ശതമാനം എത്രയാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>ഗ്രാമവികസന വകുപ്പിലെ വികസന പദ്ധതികൾ</u>

3002

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഗ്രാമവികസന വകുപ്പ് മുഖേന സംസ്ഥാന ഫണ്ടിനാലും കേന്ദ്രാവിഷ്കൃത ഫണ്ടിനാലും നടപ്പിലാക്കുന്ന വികസന പദ്ധതികൾ എന്തെല്ലാം;

(ബി) ഈ വികസന പദ്ധതികളിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നത് ഏതെല്ലാം;

(സി) പദ്ധതികളിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളത് ഏതിനെല്ലാം; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഭരണാനുമതി ലഭിച്ച പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ഇ) പദ്ധതികൾ എപ്പോൾ പൂർത്തിയാക്കും എന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

<u>പ്ലാൻ പദ്ധതിയിലൂടെ അനുവദിച്ച തുക</u>

T. 3003 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്ലാനിംഗ് ബോർഡിന്റെ കണക്കുകൾ പ്രകാരം 2011-12, 2012-13 വർഷങ്ങളിൽ സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്കായി കേന്ദ്രസർക്കാരിന്റെ പ്ലാൻ പദ്ധതികളിൽ ഉൾപ്പെടുത്തി എത്ര തുക വീതം അനുവദിച്ചുവെന്നും എത്ര തുക വീതം ചെലവഴിച്ചുവെന്നും അറിയിക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>ബി. പി. എൽ. പട്ടിക</u>

T. 3004 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി.പി.എൽ. പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പട്ടികയിൽ അനർഹർ കടന്നുകൂടിയിട്ടുള്ളതായും അർഹരായവർ ഒഴിവാക്കപ്പെട്ടതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

ദേശീയ ഗ്രാമീണ ജീവന ദൗത്യം വഴി വിതരണം ചെയ്ത ആനുകൂല്യം

3005 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ ജീവന ദൗത്യം വഴി എന്ത് തുകയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തുവെന്നുള്ള വിവരം നൽകുമോ;

(ബി) ഏതെല്ലാം പദ്ധതികൾക്കായാണ് പ്രസ്തുത തുക വിതരണം ചെയ്തതെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് പ്രസ്തുത തുക വിതരണം ചെയ്തതെന്നുള്ള വിവരം നൽകുമോ;

(ഡി) ഗുണഭോക്താക്കളുടെ എണ്ണത്തിന്റെയും വിതരണം ചെയ്ത തുകയുടെയും ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>പദ്ധതി തുക ഒരുമിച്ച് ചെലവിടുന്നതിന് നിയന്ത്രണം</u>

3006 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിന്റെ അവസാനം പദ്ധതി തുക ഒരുമിച്ച് ചെലവിടുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുളളത്;

(സി) പ്രസ്തുത നിയന്ത്രണങ്ങൾ ലംഘിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എപ്രകാരമുളള നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) നടപ്പു സാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുളള സംസ്ഥാനാവിഷ്കൃത പരിപാടികളുടെ നടത്തിപ്പിനായി മാറ്റി വച്ചിട്ടുളള തുക എത്ര; ആയതിൽ നാളിതുവരെ എന്ത് തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി; അതിൽ എത്ര തുക ഇതേവരെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ചെലവഴിച്ചു;

(ഇ) നിലവിലെ സംസ്ഥാന ആസൂത്രണ ബോർഡ് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാത്തതുകൊണ്ടാണ് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി രൂപീകരണം വൈകുന്നതും കൃത്യസമയത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ തുക യഥാസമയം ചെലവഴിക്കാൻ കഴിയാത്തതും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം

3007 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്ലോക്കു പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ബ്ലോക്ക് പഞ്ചായത്തിന് വിദ്യാഭ്യാസ സ്ഥിരം സമിതിയും ചെയർമാനും ഉണ്ടെങ്കിലും ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റേയും പ്രവർത്തനത്തിൽ ഇവർക്ക് ഇടപെടാൻ കഴിയുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

<u>കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും ബ്ലോക്ക് പഞ്ചായത്തുകൾ വഴി നടപ്പാക്കുന്ന പദ്ധതികൾക്കും വകയിരുത്തിയ പദ്ധതി വിഹിതം</u>

3008 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകൾ വഴി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക എത്രയാണ്;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും ബ്ലോക്ക് പഞ്ചായത്തുകൾ വഴി നടപ്പാക്കുന്ന പദ്ധതികൾക്കുമായി അനുവദിച്ചിരുന്ന തുകയിൽ മാർച്ച് 31 വരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇതിൽ പട്ടികജാതി-വർഗ്ഗ ക്ഷേമവികസന പദ്ധതികൾക്കായി വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>വികസന ബ്ലോക്കുകളുടെ പുനർ നിർണ്ണയം</u>

3009 ശ്രീ. സണ്ണി ജോസഫ്
,, ഹൈബി ഈഡൻ
,, വർക്കല കഹാർ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികസന ബ്ളോക്കുകൾ പുനർ നിർണ്ണയിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പുനർ നിർണ്ണയത്തിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) വികസന ബ്ലോക്കുകളുടെയും നിയമസഭാ മണ്ഡലങ്ങളുടെയും അതിർത്തികൾ തമ്മിലുള്ള പൊരുത്തക്കേടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ പുനർനിർണ്ണയത്തിൽ ഉൾപ്പെടുത്തുമോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>സ്ത്രീ തൊഴിലാളികൾക്ക് പ്രത്യേകമായി ക്ഷേമപദ്ധതികൾ</u>

3010 ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻനായർ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. കെ. നാരായണൻ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുക്കുന്നവർക്ക് എന്തെല്ലാം ക്ഷേമപദ്ധതികളാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മഹാത്മാ ഗാന്ധി ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികൾക്ക് പ്രത്യേകമായി എന്തെല്ലാം ക്ഷേമപദ്ധതികളാണ് നിലവിലുള്ളത്; കൂടുതൽ എന്തെങ്കിലും ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

ദേശിയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ പുതിയ മേഖലകളെ ഉൾക്കൊള്ളിക്കൽ

3011 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ ഏതെങ്കിലും മേഖലകളെ പുതുതായി ഉൾക്കൊള്ളിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(സി) തൊഴിലുറപ്പുപദ്ധതിയിൽ നിന്ന് നെൽകൃഷിയും, ഭൂവികസനപ്രവർത്തനങ്ങളും ഒഴിവാക്കി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) എം.ജി.എൻ.ആർ.ഇ. യിൽ നിന്ന് നെൽകൃഷിയും ഭൂവികസനവും ഭൂമിയൊരുക്കലും ഒഴിവാക്കുന്നത് സംബന്ധിച്ച് ഈ സർക്കാരിന്റെ നയമെന്തെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജോലികൾ

3012 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതികൾ ഏതെല്ലാം തരത്തിലുള്ള ജോലികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) ജോലി ചെയ്യേണ്ട സമയക്രമവും അവസാനമായി നിശ്ചയിച്ചിട്ടുള്ള കൂലിയും വ്യക്തമാക്കാമോ ;

(സി) തൊഴിലുറപ്പ് പദ്ധതിയിലുള്ളവർക്ക് പെൻഷൻ ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള മാനദണ്ഡം ഏതടിസ്ഥാനത്തിലാണ് തീരുമാനിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>തൊഴിലുറപ്പുപദ്ധതിയിൻകീഴിലെ തൊഴിലാളികൾക്ക്
ഇൻഷ്വറൻസ് പരിരക്ഷ</u>

3013 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൊഴിലുറപ്പുപദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>വിളവെടുപ്പുകൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തൽ</u>

3014 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ വിവിധ വിളവെടുപ്പുകൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ നാളിതുവരെ ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ഇല്ലെങ്കിൽ ഈ സാമ്പത്തിക വർഷം ആയത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>പ്രവാസിക്ഷേമനിധി</u>

3015 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമ വികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധിയിൽ അംഗമാകുന്നതിനും അംശാദായം അടക്കുന്നതിനും പെൻഷൻ ലഭിക്കുന്നതിനുമുള്ള നിബന്ധനകൾ വിശദീകരിക്കുമോ;

(ബി) ഏതു പ്രായത്തിൽ അംഗമായാലും അംശാദായം 60 വയസ്സ് പൂർത്തിയാകുന്നത് വരെ അടയ്ക്കണമോ അതോ 5 വർഷം മാത്രം അടച്ചാൽ മതിയോയെന്ന് വ്യക്തമാക്കുമോ;

(സി) 5 വർഷം അംശാദായം അടയ്ക്കാത്ത അംഗങ്ങൾക്ക് പെൻഷൻ, കുടുംബ പെൻഷൻ എന്നിവ ലഭിക്കുമോ;

(ഡി) മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് അയാളുടെ അംഗത്വ കാലാവധി പരിഗണിക്കാതെ പെൻഷൻ നൽകുമോ;

(ഇ) പെൻഷൻ, വിവിധ ആനുകൂല്യങ്ങൾ എന്നിവയ്ക്കുള്ള വരുമാന പരിധി ഉയർത്തുമോയെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>പ്രവാസി പുനരധിവാസ പദ്ധതി</u>

3016 ശ്രീ. വി.ഡി. സതീശന്‍
,, വി.റ്റി. ബല്‍റാം
,, എ.റ്റി. ജോര്‍ജ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രവാസി പുനരധിവാസ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങള്‍ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) പ്രവാസികള്‍ അവരുടെ സമ്പാദ്യം ഉപയോഗിച്ച് സ്വയം തൊഴില്‍ പദ്ധതികളും വികസനോന്മുഖമായ മറ്റു ചെറുകിട വ്യവസായങ്ങളും ആരംഭിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് പദ്ധതിയില്‍ വിഭാവനം ചെയ്തിരിക്കുന്നത് ; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജന്‍സികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി സംബന്ധിച്ച് പ്രവാസികള്‍ക്കിടയില്‍ ബോധവല്‍ക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>എൻ.കെ.എ ഇൻഷ്വറൻസ് കാർഡ്</u>

3017 ശ്രീ. അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, എം. പി. വിൻസന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിലെ പ്രവാസി മലയാളികൾക്കായി എൻ.കെ.എ ഇൻഷ്വറൻസ് കാർഡ് നൽകുന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) കാർഡുടമയ്ക്ക് എന്തെല്ലാം ഇൻഷ്വറൻസ് പരിരക്ഷയാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) കാർഡുകൾ ലഭിക്കാനുള്ള അപേക്ഷകൾ സ്വീകരിക്കുന്ന വിധം വിശദമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>ആസൂത്രണ ബോർഡിൽ പ്ലാൻ സ്പെയ്സ് ഓൺലൈൻ സംവിധാനം</u>

3018 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആസൂത്രണ ബോർഡിൽ പ്ലാൻ സ്പെയ്സ് എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിക്കുമോ ;

(സി) പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ആയതിലേക്കായി മുഴുവൻ വകുപ്പുകളുടെയും പദ്ധതി വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ ;

(ഇ) പ്രസ്തുത സംവിധാനം ഉപജില്ലാതലംവരെ വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>പ്ലാൻ ഫണ്ട് ചെലവഴിക്കുന്നത് സംബന്ധിച്ച് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ</u>

3019

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ട് ചെലവഴിക്കുന്നത് സംബന്ധിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശം അനുസരിച്ച് ഭവന നിർമ്മാണത്തിന് ഗുണഭോക്താവായി തെരഞ്ഞെടുക്കപ്പെടുന്നവർ പ്രസ്തുത ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യുകയോ, അന്യാധീനപ്പെടുത്തുകയോ ഇല്ല എന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുമായി കരാറിൽ ഏർപ്പെടണമെന്നും, പ്രസ്തുത കരാർ രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശം ഗുണഭോക്താക്കൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ മുതലായ ഇനത്തിൽ അമിത സാമ്പത്തിക ഭാരം ഉണ്ടാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) രജിസ്ട്രേഷൻ ഫീ, സ്റ്റാമ്പ് ഡ്യൂട്ടി എന്നീ ഇനങ്ങളിൽ ഇളവ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

<u>വിഷൻ 2030</u>

3020 ശ്രീ.കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഷൻ 2030-ൽ സർക്കാർ മുന്നോട്ടുവയ്ക്കുന്ന പരിപാടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ സർക്കാർ ആസൂത്രണ ബോർഡുമായി നടത്തിയ ചർച്ചകളുടെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) വിഷൻ 2030-ന് നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് എക്ണോമിക്സ് റിസർച്ച് ഡയറക്ടർജനറൽ അവതരിപ്പിച്ച പദ്ധതികൾ വിശദമാക്കാമോ;

(ഡി) വിഷൻ 2030-ൽ കാർഷിക മേഖല സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും പരിസ്ഥിതി സംരക്ഷണത്തിനും എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്യുന്നത് എന്നും സാർവത്രിക വിദ്യാഭ്യാസം സൗജന്യമായി നിലനിർത്തി സംരക്ഷിക്കാനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാനും എന്തെല്ലാം പരിപാടികളാണ് ഉള്ളത് എന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

'വിഷൻ 2030' രൂപീകരണം

T. 3021

ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. രാധാകൃഷ്ണൻ
,, വി. ചെന്താമരാക്ഷൻ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'വിഷൻ 2030' ന് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) 'വിഷൻ 2030' രൂപീകരണത്തിനു നേതൃത്വം നൽകുന്നത് ഏത് സ്ഥാപനമാണെന്നും പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുത്തത് ഏത് മാനദണ്ഡമനുസരിച്ചാണെന്നും വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് ആസൂത്രണ ബോർഡുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം മേഖലകളിലുള്ള വികസനമാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഇ) വിഷൻ 2030 സംബന്ധിച്ച് ഏതെല്ലാം സംഘടനകളുമായി ചർച്ച നടത്താൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതി പ്രകാരം 200 ദിവസം തൊഴിൽ</u>

3022

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ജില്ലകളും വരൾച്ചാബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ച സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ 200 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ വരൾച്ചാബാധിത പ്രദേശങ്ങളിൽ തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കാമെന്ന് നിയമത്തിൽ വ്യവസ്ഥയുള്ളത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് മുമ്പ് 4 ജില്ലകളെ വരൾച്ചാബാധിത പ്രദേശമായി പ്രഖ്യാപിച്ചപ്പോൾ തൊഴിൽ ദിനം 150 ആയി വർദ്ധിപ്പിച്ചത് പോലെ തൊഴിൽദിനങ്ങൾ 200 ആക്കി ഉയർത്തണമെന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് റിപ്പോർട്ട് നൽകാനും ആയത് നേടിയെടുക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) നിലവിൽ സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതി മുഖേന ശരാശരി എത്ര തൊഴിൽദിനങ്ങൾ ഓരോരുത്തർക്കും ലഭിക്കുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഇ) സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് കുടിശ്ശികയായി എന്തു തുക 2013 ഫെബ്രുവരി 28 വരെ നൽകാനുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് നിലവിൽ എത്ര പേർ ഇതേവരെ തൊഴിലുറപ്പ് പദ്ധതിയിൽ അംഗമായിട്ടുണ്ടെന്നും ഇനി ഏതൊക്കെ പുതിയ വിഭാഗങ്ങളെ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>നെൽക്കൃഷിക്ക് തൊഴിലുറപ്പ് പദ്ധതിയെ പ്രയോജനപ്പെടുത്താൻ നടപടി</u>

3023

ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽക്കൃഷിക്ക് സഹായകരമായി തൊഴിലുറപ്പ് പദ്ധതിയെ പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) നെൽക്കൊയ്ത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(സി) നടീലും വിള സംരക്ഷണ പ്രവർത്തനങ്ങളും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിക്കുമോ ?

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>പ്രകൃതിവിഭവങ്ങളുടെ ലഭ്യത</u>

3024 ശ്രീ. എം. ഉമ്മർ
,, സി. മോയിൻകുട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പ്രകൃതിവിഭവങ്ങളെ സംബന്ധിച്ച് ഈ സർക്കാരിന്റെ കാലത്ത് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ, പ്രകൃതിവിഭവങ്ങളുടെ ലഭ്യത കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സുസ്ഥിരവികസനം സാദ്ധ്യമാകുന്നതിന്, പ്രകൃതി വിഭവങ്ങളുടെ ലഭ്യത കണക്കിലെടുത്ത് എന്തെല്ലാം പ്രവർത്തനങ്ങളാണു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന സ്ത്രീതൊഴിലാളികൾ</u>

3025 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന സ്ത്രീതൊഴിലാളികളുടെ വിദ്യാർത്ഥികളായ കുട്ടികൾക്ക് പുസ്തകം, യൂണിഫോം എന്നിവ വാങ്ങുന്നതിനായി എത്ര തുക നടപ്പുവർഷം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയിലെ സ്ത്രീ തൊഴിലാളികളുടെ മക്കൾക്ക് ധനസഹായം</u>

3026 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2011-12 വർഷത്തിൽ 100 ദിവസം ജോലി ചെയ്ത തൊഴിലുറപ്പ് പദ്ധതിയിലെ സ്ത്രീ തൊഴിലാളികളുടെ സ്കൂൾ - കോളേജ് തലങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് യൂണിഫോം, പുസ്തകങ്ങൾ എന്നിവ വാങ്ങുന്നതിന് എത്ര പേർക്ക് 1000 രൂപ വീതം വിതരണം ചെയ്തു?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കാസര്‍ഗോഡ് ജില്ലയിലെ പ്രവര്‍ത്തനപുരോഗതി</u>

3027 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കാസര്‍ഗോഡ് ജില്ലയിലെ പ്രവര്‍ത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നടപ്പുസാമ്പത്തിക വര്‍ഷം കാസര്‍ഗോഡ് ജില്ലയില്‍ ചെലവഴിച്ച തുകയുടെ പഞ്ചായത്തു തല വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നടപ്പുവര്‍ഷം ഉദുമ നിയോജക മണ്ഡലത്തില്‍ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

<u>സ്വർണ്ണ ജയന്തി ഗ്രാമസ്വരോസ്ഗാർ യോജന</u>

3028 ശ്രീ. വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണ ജയന്തി ഗ്രാമസ്വരോസ്ഗാർ യോജനയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സ്വാശ്രയ സംവിധാനം കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോയെന്നു വിശദമാക്കുമോ ;

(സി) ഈ സംവിധാനം വഴി ലഭിക്കുന്ന വിപണന സൗകര്യങ്ങൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

ഇന്ദിരാ ആവാസ് യോജന

3029 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന പ്രകാരം 2012-13 വർഷത്തിൽ പുതിയതായി എത്ര വീടുകൾ നിർമ്മിച്ചുനൽകി എന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) ഇതിൽ എസ്.സി/എസ്.ടി വിഭാഗങ്ങളുടെ ജില്ല തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ;

(സി) എന്ത് തുക ഇതിനായി ചെലവഴിച്ചുവെന്നതിന്റെ വിശദവിവരം ജില്ലതിരിച്ച് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>ഐ. എ.വൈ ഭവനപദ്ധതി</u>

3030 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. എ.വൈ ഭവനപദ്ധതിയിൽ നടപ്പുസാമ്പത്തിക വർഷം കരാർ ചെയ്തു നിർമ്മാണം ആരംഭിച്ച വീടുകൾക്ക് സംസ്ഥാന സർക്കാർ നൽകേണ്ട വിഹിതം എത്രയാണ്;

(ബി) പ്രസ്തുത വിഹിതം നടപ്പുസാമ്പത്തിക വർഷത്തിൽ നാളിതുവരെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാതിരിക്കുന്നതിന്റെ കാരണം എന്താണ്;

(സി) പ്രസ്തുത വിഹിതം ലഭ്യമാക്കാത്തതിനാൽ ഐ. എ.വൈ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് വീട് പൂർത്തികരിക്കാനാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഐ. എ.വൈ പദ്ധതിയിൽ സർക്കാർ വിഹിതം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

പുര പദ്ധതി

3031

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൊവിഷൻ ഓഫ് അർബൻ അമിനിറ്റീസ് ഇൻ റൂറൽ ഏര്യാസ് (പുര പദ്ധതി) സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ സംസ്ഥാനത്തെ ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളിൽ ആണ് പദ്ധതിയുടെ ഒന്നാം ഘട്ടം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ പുര പദ്ധതി നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>പി.എം.ജി.എസ്.വൈ സ്കീമിൽ പത്തനംതിട്ട ജില്ലയിൽ ഏറ്റെടുത്ത റോഡുകൾ</u>

3032 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പി.എം.ജി.എസ്.വൈ സ്കീമിൽ പത്തനംതിട്ട ജില്ലയിൽ ഏറ്റെടുത്ത റോഡ് നിർമ്മാണങ്ങളുടെ പേരും അവയ്ക്ക് അനുവദിച്ച തുകയും വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ അംഗീകാരം ലഭിക്കുന്നതിനായി നൽകിയിട്ടുള്ള പ്രോജക്ടുകൾ ഏതൊക്കെ എന്ന് വികസന ബ്ലോക്ക് തിരിച്ച് വ്യക്തമാക്കുമോ;

(സി) നേരത്തേ പി.എം.ജി.എസ്.വൈ സ്കീമിൽ അനുവദിക്കുകയും നിർമ്മാണം പൂർത്തിയാകാത്തതുമായ റാന്നി വികസന ബ്ലോക്കിലെ പദ്ധതി ഏതൊക്കെയാണ്;

(ഡി) പ്രസ്തുത റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ എന്തൊക്കെ തടസ്സങ്ങളാണുള്ളത്;

(ഇ) മറ്റേതെങ്കിലും ഏജൻസികളുടെ ഫണ്ടുപയോഗപ്പെടുത്തി പ്രസ്തുത റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ എന്തു നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>പി. എം. ജി. എസ്. വൈ. ഒന്നാം ഘട്ടത്തിൽ അനുവദിച്ചിരുന്ന പദ്ധതികൾ</u>

3033 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ. ഒന്നാംഘട്ടം അവസാനിച്ചത് എന്നായിരുന്നുവെന്നും ഒന്നാംഘട്ടത്തിൽ എത്ര പദ്ധതികൾ അനുവദിച്ചിരുന്നുവെന്നും അതിൽ എത്ര പൂർത്തിയായിയെന്നും വ്യക്തമാക്കാമോ ;

(ബി) പൂർത്തിയാവാത്ത റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) രണ്ടാംഘട്ടത്തിലെ റോഡുകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര തുകയ്ക്കുള്ള എത്ര റോഡുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

ശാസ്താംനട-വെളിയംകാല, വെളിയംദേശം-മൂന്നാറ്റുമുക്ക് റോഡുകളുടെ നിർമ്മാണം

3034 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ ഫേസ് 7 ൽ ഉൾപ്പെടുത്തിയിരിക്കുന്ന ശാസ്താംനട-വെളിയംകാല, വെളയംദേശം-മൂന്നാറ്റുമുക്ക് റോഡുകൾക്ക് എത്ര തുക വീതമാണ് അനുവദിച്ചിരുന്നത് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ പണികൾ പൂർത്തിയായോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) പണി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

കല്ലിയോട് വടക്കേക്കോണം റോഡിന്റെ നിർമ്മാണം

3035 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പി.എം.ജി.എസ്.വൈ കെ.ആർ-1208 പ്രകാരം അനുവദിച്ച കല്ലിയോട്-വടക്കേക്കോണം റോഡിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>വൈക്കം നിയോജകമണ്ഡലത്തിൽ ഗ്രാമവികസന വകുപ്പ് നിർമ്മിക്കുന്ന റോഡുകൾ</u>

3036 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 വർഷത്തിൽ കോട്ടയം ജില്ലയിലും വൈക്കം നിയോജകമണ്ഡലത്തിലും ഗ്രാമവികസന വകുപ്പ് വഴി റോഡുകൾ നിർമ്മിക്കുന്നതിന് എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) വൈക്കം നിയോജകമണ്ഡലത്തിൽ ഗ്രാമവികസന വകുപ്പുവഴി പുനരുദ്ധരിക്കുന്നതിന് ഏറ്റെടുത്ത റോഡുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) 2013-2014 വർഷത്തിൽ ഗ്രാമവികസന വകുപ്പുവഴി എന്ത് തുക ചെലവഴിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

ഗ്രാമവികസന വകുപ്പിലെ ഡ്രൈവര്‍മാരുടെ ഒഴിവുകള്‍

3037 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമവികസന വകുപ്പില്‍ നിലവില്‍ എത്ര ഡ്രൈവര്‍മാരാണ് ഉള്ളത്; നിലവില്‍ ഡ്രൈവര്‍മാരുടെ ഒഴിവുകളുണ്ടോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) നിലവിലുള്ള ഡ്രൈവര്‍മാരില്‍ എത്ര പേര്‍ വീതം സെലക്ഷന്‍ ഗ്രേഡ്, സീനിയര്‍ ഗ്രേഡ്, ഗ്രേഡ് I, ഗ്രേഡ് II തസ്തികകളില്‍ ജോലി ചെയ്യുന്നുണ്ട്;

(സി) 2011 ജനുവരി മുതലുള്ള ഡ്രൈവര്‍ ഗ്രേഡ് II സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ എന്ന് പ്രസിദ്ധീകരിക്കും എന്ന് അറിയിക്കുമോ;

(ഡി) ഗ്രേഡ് I, ഗ്രേഡ് II അനുപാതം എത്രയാണ് എന്നറിയിക്കാമോ;

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

വി. ഇ. ഒ. മാരുടെ സീനിയോറിറ്റി ലിസ്റ്റ്

3038 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ 2008 മുതലുള്ള വി. ഇ. ഒ. ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്യുന്നവരുടെ സീനിയോറിറ്റി ലിസറ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്ന് പ്രസിദ്ധീകരിക്കാനാകും ;

(സി) നിലവിൽ സംസ്ഥാനത്ത് എത്ര പേർ വി. ഇ. ഒ. ഗ്രേഡ് I, വി. ഇ. ഒ. ഗ്രേഡ് II തസ്തികകളിൽ ജോലി ചെയ്യുന്നുണ്ട് ;

(ഡി) ഗ്രാമവികസന വകുപ്പിലെ ജീവനക്കാരായ വി. ഇ. ഒ. മാർ ഗ്രാമപഞ്ചായത്തുകളിലെ ഹാജർ പുസ്തകത്തിൽ ഒപ്പിടണമെന്ന ഉത്തരവോ/നിബന്ധനയോ ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഇ) വി. ഇ. ഒ. മാരുടെ ശമ്പളമടക്കമുള്ള എസ്റ്റാബ്ളിഷ്മെന്റ് കാര്യങ്ങൾ ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ ;

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ അംഗീകരിക്കപ്പെട്ട പദ്ധതികൾ

3039

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ആലപ്പുഴ ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം നൽകിയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും എത്ര തുക വീതമാണ് വകയിരുത്തിയിട്ടുള്ളതെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>വാമനപുരം മണ്ഡലത്തിൽ എച്ച്.എ.ഡി.എ. മുഖാന്തിരം നടപ്പാക്കുന്ന പദ്ധതികൾ</u>

3040 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹീൽ ഏര്യാ ഡവലപ്മെന്റ് ഏജൻസി (എച്ച്.എ.ഡി.എ) മുഖാന്തിരം വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>ബാക്ക്‌വേർഡ് റീജിയൻസ് ഗ്രാന്റ് ഫണ്ട്</u>

3041 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ബാക്ക്‌വേർഡ് റീജിയൻസ് ഗ്രാന്റ് ഫണ്ട് പദ്ധതി പ്രകാരം വയനാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ ബ്ലോക്ക് തല വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിപ്രകാരം വയനാട് ജില്ലയിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവയുടെ ബ്ലോക്ക്തല വിശദാംശം ലഭ്യമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം ജില്ലയിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

ഗ്രാമവികസനവകുപ്പിന്റെ പദ്ധതി ചെലവ്

3042 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കോഴിക്കോട് ജില്ലയിലും പേരാമ്പ്ര നിയോജക മണ്ഡലത്തിലും ഗ്രാമവികസന വകുപ്പ് മുഖേന ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര തുക അനുവദിച്ചു എന്നു വ്യക്തമാക്കുമോ;

(ബി) നബാർഡ് സഹായത്തോടെ എത്ര പ്രവൃത്തികൾക്ക് തുക അനുവദിച്ചു എന്നും അവ ഏതെല്ലാം പ്രവൃത്തികൾക്കാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

## പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാര പരിശോധന

3043 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുന്ന ഏതെല്ലാം കമ്പനികളുടെ പാലും പാലുൽപ്പന്നങ്ങളുമാണ് വിൽപ്പന നടത്തുന്നത്;

(ബി) പ്രസ്തുത ഉൽപ്പന്നങ്ങളുടെ ഗുണനിലവാരപരിശോധന ചെക്ക് പോസ്റ്റുകളിൽ നടത്തുന്നതിന് സംവിധാനമുണ്ടോ;

(സി) പ്രസ്തുത ഉൽപ്പന്നങ്ങളുടെ പരിശോധന കർശനമാക്കി ഗുണനിലവാരം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് വിൽക്കപ്പെടുന്നതും, ഗുണനിലവാരം പുലർത്തുന്നവയുമായിട്ടുള്ള പാലിന്റെയും, പാലുൽപ്പന്നങ്ങളുടെയും പട്ടിക ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ പാൽ ഉൽപാദനം കൂട്ടാനുള്ള പദ്ധതി</u>

3044 ശ്രീ. വി. പി. സജീന്ദ്രൻ
'' വി. റ്റി. ബൽറാം
'' എ. പി. അബ്ദുള്ളക്കുട്ടി
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാൽ ഉൽപാദനം കൂട്ടാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തല്ലാം;

(സി) ഈ പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ഈ പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കേന്ദ്ര സഹായമാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും പെൻഷൻ</u>

3045 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷക ക്ഷേമനിധിയിൽ നിന്നും എത്ര പേർക്ക് പ്രതിമാസം പെൻഷൻ ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ ക്ഷീര കർഷകരും ക്ഷേമനിധിയിൽ അംഗങ്ങൾ ആയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>സ്മാരകങ്ങൾ, അക്കാദമികൾ</u>

3046 ശ്രീ.എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സാംസ്കാരിക വകുപ്പിൻ കീഴിൽ എത്ര സ്മാരകങ്ങളുണ്ട്; അവ ഏതെല്ലാം എന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത സ്മാരകങ്ങൾക്ക് ഓരോന്നിനും 2013-14 ലേയ്ക്ക് നോൺ പ്ലാനിൽ എത്ര രൂപ വീതം വാർഷിക ഗ്രാന്റ് നലകുന്നുണ്ടെന്ന് വിശദീകരിക്കാമോ;

(സി) കേരളത്തിൽ സാംസ്കാരിക വകുപ്പിനു കീഴിൽ എത്ര അക്കാദമികൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം എന്ന് വിശദീകരിക്കാമോ;

(ഡി) മേൽ പറഞ്ഞ അക്കാദമികൾക്ക് നോൺപ്ലാനിൽ എത്ര രൂപ വീതം വാർഷിക ഗ്രാന്റ് നൽകുന്നുണ്ട് എന്നും പ്ലാൻ ഫണ്ടിൽ നിന്ന് എത്ര രൂപ ഗ്രാന്റ് നൽകുന്നുണ്ട് എന്നും വിശദീകരിക്കാമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

സ്മാരകങ്ങളുടെ സംരക്ഷണം

3047 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാംസ്ക്കാരിക വകുപ്പ് ഏറ്റെടുക്കുന്ന സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) സ്മാരകങ്ങളുടെ സംരക്ഷണത്തിന് ആവശ്യമായ എഞ്ചിനീയറിംഗ് പ്രവർത്തികൾ നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) 2012-2013 സാമ്പത്തിക വർഷം സംരക്ഷിത സ്മാരകങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി സാംസ്ക്കാരിക വകുപ്പ് എന്തു തുക ചെലവഴിച്ചുവെന്നും ഏതൊക്കെ സ്മാരകങ്ങൾക്കാണ് പ്രസ്തുത തുക ഉപയോഗിച്ചതെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>പൈതൃക ഗ്രാമങ്ങൾ</u>

3048 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യമായി വിവിധ കലകളുടെ കേളീരംഗങ്ങളായി അറിയപ്പെടുന്ന ഗ്രാമങ്ങളെ ലിസ്റ്റ് ചെയ്ത് പ്രസ്തുത ഗ്രാമങ്ങളുടെ പേരിൽ പ്രശസ്തമായ കലകളെ പരിപോഷിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും പൈതൃക ഗ്രാമങ്ങൾ എന്ന പേരിൽ ഉൾപെടുത്തി അതാത് സ്ഥലങ്ങളിൽ കലാപരിശീലന കളരികൾ ആരംഭിക്കുവാൻ നടപടി കൈക്കൊള്ളുമോ; ഇതിന് ഓരോവർഷവും ഓരോ ഗ്രാമത്തിനും നിശ്ചിത തുക വകയിരുത്തുമോ;

(ബി) പ്രാരംഭമായി ഏതെങ്കിലും ഒരു ഗ്രാമത്തെ പൈതൃക കലാപരിശീലന കേന്ദ്രമായി പ്രഖ്യാപിക്കുമോ?

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>നാടകസംഘങ്ങൾക്ക് ധനസഹായം</u>

3049

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ നാടകസംഘങ്ങൾക്ക് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ബി) സിനിമാ അവാർഡുകൾക്ക് നൽകുന്ന തുക നാടക അവാർഡുകൾക്കും നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതു സംബന്ധിച്ച് പഠിക്കാൻ ആരെയെങ്കിലും നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>നാടക കലാകാരൻമാർക്ക് പെൻഷൻ</u>

3050 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കലാകാരൻമാർ കൂടുതലുള്ള പ്രൊഫഷണൽ നാടക രംഗത്തെ ശക്തമാക്കാൻ ഉദ്ദേശ്യമുണ്ടോ; വിശദമാക്കുമോ;

(ബി) നാടകരംഗത്ത് പ്രവർത്തിക്കുന്ന കലാകാരൻമാരിൽ പലരുടെയും സ്ഥിതി വളരെ ദയനീയമാണെന്ന യാഥാർത്ഥ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ;

(സി) നിലവിൽ സംസ്ഥാനത്ത് എത്ര നാടക കലാകാരൻമാർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>മലയാളം മിഷൻ പഠനകേന്ദ്രങ്ങൾ</u>

3051 ശ്രീ. കെ. അച്ചുതൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയാളം മിഷൻ പഠനകേന്ദ്രങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>വിശ്വമലയാള മഹോത്സവം</u>

3052 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് നടന്ന വിശ്വമലയാള മഹോത്സവവുമായി ബന്ധപ്പെട്ട സാഹിത്യകാരന്മാരെ ആദരിക്കുന്ന ചടങ്ങ് സംഘടിപ്പിച്ചിരുന്നോ;

(ബി) എത്ര വേദികളിലായിട്ടാണ് ആദരിക്കൽ ചടങ്ങ് സംഘടിപ്പിച്ചിരുന്നത്;

(സി) അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) ഓരോ വേദിയിലും ആദരിക്കപ്പെടേണ്ട സാഹിത്യകാരന്മാരെ തെരഞ്ഞെടുത്തത് എന്ത് അടിസ്ഥാനത്തിലാണ്;

(ഇ) അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>പത്രപ്രവര്‍ത്തകര്‍ക്കുളള അനുകൂല്യങ്ങള്‍</u>

T. 3053

ശ്രീ. സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പത്രപ്രവര്‍ത്തകര്‍ക്കുള്ള ആനുകൂല്യങ്ങള്‍ വര്‍ദ്ധിപ്പിക്കുന്നത് പരിഗണനയില്‍ ഉണ്ടോ;

(ബി) ഇവരുടെ പെന്‍ഷന്‍ ആനുകൂല്യങ്ങള്‍ വര്‍ദ്ധിപ്പിക്കാന്‍ നടപടി സ്വീകരിക്കുമോ;

(സി) കാലാനുസൃതമായി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും പരിശോധിക്കാന്‍ സ്ഥിരം സംവിധാനം ഏര്‍പ്പെടുത്താന്‍ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>കലാകാരന്മാർക്കുള്ള പെൻഷൻ</u>

3054 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കലാകാരന്മാർക്കുള്ള പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ;

(ബി) നിലവിൽ കേരളത്തിൽ എത്ര പേരാണ് കലാകാരന്മാർക്കുള്ള പെൻഷൻ കൈപ്പറ്റുന്നത് ;

(സി) ആലപ്പുഴ ജില്ലയിൽ എത്ര പേർക്കാണ് കലാകാരന്മാർക്കുള്ള പെൻഷൻ ലഭിക്കുന്നതെന്നറിയിക്കുമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>കലാകാരൻമാർക്കുള്ള പെൻഷൻ</u>

3055 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കലാകാരന്മാർക്കുള്ള പെൻഷൻ പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര പേർക്ക് സഹായം ലഭിക്കാനുണ്ടെന്ന് പട്ടിക സഹിതം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള കോട്ടകൾ

3056 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുരാവസ്തു വകുപ്പിന്റെ കീഴിൽ എത്ര കോട്ടകൾ ഉണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത കോട്ടകളുടെ വശങ്ങളിൽ നിന്നും മണ്ണും മറ്റും എടുത്ത് ഇവയെല്ലാം നാശത്തിന്റെ വക്കിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത കോട്ടകൾ സംരക്ഷിത സ്മാരകങ്ങളായി നിലനിർത്തുന്നതിനായി ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യക്ക് (എ.എസ്.ഐ) കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>തുളു അക്കാദമി</u>

3057 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തുളു അക്കാദമി രൂപീകരിച്ചത് ഏത് വർഷമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത അക്കാദമി നിലവിൽ വന്നതുമുതൽ സംസ്ഥാന ബജറ്റിൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ഇതിനായി നീക്കിവെച്ച തുക എത്രയാണെന്ന് വിശദമാക്കാമോ;

(സി) 2013-14 വർഷത്തെ ബജറ്റിൽ തുളു അക്കാദമിക്ക് എന്തു തുക വകയിരിത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

നർത്തകരത്നം കണ്ണപെരുവണ്ണാന് സ്മാരകം

3058 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്രശസ്ത തെയ്യം കലാകാരനായ നർത്തകരത്നം കണ്ണപെരുവണ്ണാന് ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിനായി കൊടക്കാട് വില്ലേജിൽ ഫോക്‌ലോർ വില്ലേജ് ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

<u>മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി</u>

3059 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1999 മുതൽ മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തെ 08.02.2013 മുതൽ മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയാക്കി ഉയർത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത അക്കാദമിക്ക് വാർഷിക ഗ്രാന്റായി നോൺപ്ലാനിൽ എത്ര രൂപയാണ് നൽകിവരുന്നത്;

(സി) മാപ്പിള കലാ അക്കാദമിക്ക് 2013-2014 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ സ്പെഷ്യൽ ഗ്രാന്റായി എത്ര രൂപ അനുവദിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>കൊണ്ടോട്ടിയിലെ മഹാകവി മോയിൻകുട്ടിവൈദ്യർ സ്മാരകം</u>

3060 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊണ്ടോട്ടിയിലെ മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തിന് ഇപ്പോൾ ലഭിക്കുന്ന വാർഷിക ഗ്രാന്റ് നിത്യച്ചെലവുകൾക്ക് അപര്യാപ്തമായതിനാൽ നോൺ പ്ലാനിൽപ്പെടുത്തി അത് പ്രതിവർഷം അമ്പതു ലക്ഷം രൂപയാക്കി ഉയർത്തണമെന്ന് ആവശ്യപ്പെട്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതുപ്രകാരം തുക വർദ്ധിപ്പിച്ച് തീരുമാനം കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി

3061

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടിയിലെ മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിക്ക് കഴിഞ്ഞ ഏഴ് വർഷങ്ങളിലായി ഓരോ വർഷവും അനുവദിച്ച സ്പെഷ്യൽ ഗ്രാന്റുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) 2013-14 വർഷത്തെ ബജറ്റിൽ സ്പെഷ്യൽ ഗ്രാന്റ് അനുവദിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>മുസ്രീസ് പൈതൃക സംരക്ഷണ പദ്ധതി</u>

3062 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൈപ്പിൻ മണ്ഡലത്തിൽപ്പെട്ട അഞ്ഞൂറിൽപ്പരം വർഷം പഴക്കമുള്ള മഞ്ഞുമാത ബസലിക്കയുടെ ഭാഗമായ പുരാതനപള്ളിയും, കടലാറ്റു കുരിശ് പള്ളിയും മുസ്രീസ് പൈതൃക സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>പരസ്യങ്ങൾക്കായി ചെലവാക്കിയ തുക</u>

T. 3063 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരസ്യങ്ങൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പരസ്യത്തിനായി ഓരോവകുപ്പും ചെലവഴിച്ച തുക എത്രയെന്നും പത്രങ്ങൾവഴിയുള്ള പരസ്യങ്ങൾക്കും ദൃശ്യമാധ്യമങ്ങളിലൂടെയും പുസ്തകങ്ങളിലൂടെയും, ലഘുലേഖകളും വഴി ചെലവഴിച്ചതെത്രയെന്നും പ്രത്യേകം വെളിപ്പെടുത്താമോ;

(സി) സർക്കാർ പരസ്യങ്ങൾക്ക് ഫ്ളക്സ് ബോർഡുകൾ അമിതമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>ഉത്തരവുകൾ വെബ്സൈറ്റിൽ ലഭ്യമാക്കൽ</u>

T. 3064 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ വകുപ്പും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അതാത് ദിവസം തന്നെ സർക്കാർ വെബ്സൈറ്റുകളിൽ പ്രസിദ്ധികരിക്കാറുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഇറക്കിയ എല്ലാ ഗവൺമെന്റ് ഉത്തരവുകളും സർക്കാർ വെബ്സൈറ്റിൽ നിലവിൽ ലഭ്യമാണോ;

(സി) അതാത് ദിവസം തന്നെ എല്ലാ ഉത്തരവുകളും വെബ്സൈറ്റിൽ ലഭ്യമാക്കാത്ത വകുപ്പുകൾ ഉണ്ടോ;

(ഡി) എങ്കിൽ അവയ്ക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>കേന്ദ്ര പ്രവാസി പെൻഷൻ പദ്ധതി</u>

3065 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പ്രവാസി പെൻഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽക്കാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ എത്ര പേരാണ് ഇതിനകം അംഗങ്ങളായിട്ടുള്ളത്;

(ഡി) പദ്ധതിയിൽ വനിതകൾക്ക് പ്രത്യേകമായി എന്തെങ്കിലും കാര്യങ്ങൾ വിഭാവനം ചെയ്തിട്ടുണ്ടോ;

(ഇ) പ്രവാസി പെൻഷൻ പദ്ധതി വ്യാപകമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>പ്രവാസി പെന്‍ഷന്‍ പ്രായപരിധി കൂടാതെ നല്‍കാന്‍ നടപടി</u>

3066 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പ്രവാസികള്‍ക്ക് പെന്‍ഷന്‍ നല്‍കുന്നതിന് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ എത്രയാണ്;

(ബി) പ്രവാസി ജീവിതം അവസാനിച്ച് നാട്ടിലെത്തുന്ന പ്രവാസികള്‍ക്ക് പ്രായപരിധി കണക്കാക്കാതെ പെന്‍ഷന്‍ നല്‍കുന്ന കാര്യം പരിഗണിക്കുമോ;

(സി) പ്രവാസി പെന്‍ഷന്‍ തുക വര്‍ദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>സാന്ത്വന പദ്ധതി</u>

3067 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ നോർക്ക മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എന്തു തുക സാന്ത്വന പദ്ധതി പ്രകാരം ചെലവഴിച്ചു; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) എപ്രകാരം നാട്ടിൽ വരുന്ന പ്രവാസി മലയാളികൾക്കാണ് സാന്ത്വന പദ്ധതി മുഖേന ധനസഹായം ലഭ്യമാകുന്നത്; വ്യക്തമാക്കുമോ.

(സി) ഏതെല്ലാം ആവശ്യത്തിനാണ് സാന്ത്വനപദ്ധതി മുഖേന ധനസഹായം അനുവദിക്കുന്നത്; വിശദമാക്കുമോ;

(ഡി) ജയിലിൽ കഴിയുന്ന പ്രവാസികൾക്ക് നിയമസഹായവും, ധനസഹായവും ലഭ്യമാക്കുന്നതിന് സാന്ത്വനപദ്ധതി മുഖേന നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

യു.എ.ഇ യിൽ പൊതുമാപ്പ് പ്രകാരം തിരിച്ചെത്തിയ പ്രവാസികൾ

3068 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യു.എ.ഇ യിൽ പൊതുമാപ്പ് പ്രകാരം കേരളത്തിൽ തിരിച്ചെത്തിയ പ്രവാസികളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ഇവരെ തിരികെ എത്തിക്കാൻ സംസ്ഥാന സർക്കാർ എന്തെല്ലാം സഹായങ്ങളാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; ഇതിന് എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കാമോ;

(സി) തിരികെ വന്നവർക്ക് സ്വയംതൊഴിൽ ചെയ്യാൻ ഏതെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇവരെ പുനരധിവസിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>നോർക്ക റൂട്ട്സിന്റെ പ്രവർത്തനം</u>

3069 ശ്രീ. കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോർക്ക റൂട്ട്സിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) നോർക്ക റൂട്ട്സ് ഇപ്പോൾ ഏതെല്ലാം തരത്തിലുള്ള സർട്ടിഫിക്കറ്റുകളാണ് സാക്ഷ്യപ്പെടുത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ ജില്ലാ ആസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>നോർക്ക സംഘടിപ്പിക്കുന്ന പരിപാടികൾ</u>

3070 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമ വികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോർക്കയുടെ കീഴിൽ സംസ്ഥാനത്തിനകത്തും പുറത്തുമായി എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട് എന്നും അവ ഏതെല്ലം ആണെന്നും പ്രസ്തുത ആഫീസുകളിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) നോർക്കയുടെ എല്ലാ ഓഫീസുകളുടെയും പ്രവർത്തനം അതാത് ഓഫീസുകൾ നേരിട്ടാണോ നിർവ്വഹിക്കുന്നത് എന്നും വ്യക്തമാക്കുമോ;

(സി) വിവിധ ഓഫീസുകൾ മുഖേന നോർക്ക നടത്തുന്ന എല്ലാ പരിപാടികൾക്കും സെക്രട്ടേറിയറ്റിലെ അണ്ടർ സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, അഡീഷണൽ സെക്രട്ടറി എന്നീ റാങ്കിലുള്ള ഉദ്യോഗസ്ഥന്മാർ നേരിട്ടു ചെന്ന് പരിപാടി നടത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) വിവിധ ഓഫീസുകൾക്ക് ചുമതല നൽകി നോർക്ക സംഘടിപ്പിക്കുന്ന പരിപാടിയിൽ സെക്രട്ടേറിയറ്റിലെ ഡെപ്യൂട്ടി/ജോയിന്റ്/അഡീഷണൽ സെക്രട്ടറി റാങ്കിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥർ പങ്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണെന്നും, ഏതു റാങ്കിലുള്ള ഉദ്യോഗസ്ഥനാണെന്നും ഏത് ഉത്തരവു പ്രകാരം പങ്കെടുത്തെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

നോർക്കയിലെ ഉദ്യോഗസ്ഥർ നടത്തിയ യാത്രകൾ

3071 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോർക്ക സംസ്ഥാനത്തിനകത്തും മറ്റ് സംസ്ഥാനങ്ങളിലും, രാജ്യത്തിനു പുറത്തും എത്ര സമ്മേളനങ്ങൾ, യോഗങ്ങൾ, എന്നിവ സംഘടിപ്പിച്ചു എന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം യോഗങ്ങൾ ഏതെല്ലാം സ്ഥലത്ത് എന്താവശ്യത്തിനായി നടത്തി എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത യോഗങ്ങളിൽ സെക്രട്ടേറിയറ്റിലെ ഏതെല്ലാം ഉദ്യോഗസ്ഥർ പങ്കെടുത്തു എന്ന് വ്യക്തമാക്കുമോ; ഒരോ യോഗത്തിലും/സമ്മേളനത്തിലും പങ്കെടുത്ത ഉദ്യോഗസ്ഥരുടെ പേരു വിവരവും സമ്മേളനത്തിന്റെ/യോഗത്തിന്റെ മിനിറ്റ്സും ലഭ്യമാക്കുമോ;

(ഡി) നോർക്കയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിലെ ഏതെല്ലാം ഉദ്യോഗസ്ഥർ സംസ്ഥാനത്തിനകത്തും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും രാജ്യത്തിനു പുറത്തും യാത്ര ചെയ്തിട്ടുണ്ട് എന്നും, പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരു വിവരവും ഔദ്യോഗിക പദവിയും വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ നോർക്കയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിലെ ഒരോ ഉദ്യോഗസ്ഥരും നടത്തിയ ഒരോ യാത്രയുടെയും അനുമതി ഉത്തരവ്, രാജ്യത്തിനു പുറത്ത് യാത്ര നടത്തിയതിന് ഇന്ത്യാഗവൺമെന്റിൽ നിന്നും ലഭിച്ച അനുമതി ഉത്തരവ്, നാളിതുവരെ ഒരോ ഉദ്യോഗസ്ഥരും യാത്രയ്ക്കായി ചെലവഴിച്ച തുക പ്രത്യേകം പ്രത്യേകം ഉത്തരുവകളുടെ പകർപ്പ് സഹിതം വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

(എഫ്) വിദേശ രാജ്യങ്ങളിൽ യാത്ര ചെയ്ത ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും യാത്രാവേളയിൽ അവർ ആരെയെല്ലാം സന്ദർശിച്ചുവെന്നും യാത്ര ചെയ്തതിന്റെ ഉദ്ദേശ്യം എന്താണെന്നും യാത്രയ്ക്കുശേഷം അവർ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച് സർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കുമോ;

(ജി) സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർക്കുള്ള യാത്രാബത്ത അനുവദിക്കുന്നത് സംബന്ധിച്ച് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം റാങ്കിലുള്ള ഉദ്യോഗസ്ഥർക്കാണെന്നും നോർക്ക വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അത് ബാധകമാണോ എന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

നോർക്ക വകുപ്പിലെ ഉദ്യോഗസ്ഥർ

3072 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സെക്രട്ടേറിയറ്റിലെ നോർക്ക വകുപ്പിൽ എത്ര ഉദ്യോഗസ്ഥർ ഉണ്ടായിരുന്നു എന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) സെക്രട്ടേറിയറ്റിലെ നോർക്ക വകുപ്പിൽ ഇപ്പോൾ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അവർ ഏതെല്ലാം തസ്തികകളിൽ എത്ര കാലമായി ഇതേ വകുപ്പിൽ ജോലി ചെയ്യുന്നു എന്നും വെളിപ്പെടുത്തുമോ;

(സി) നോർക്ക വകുപ്പിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു എന്നും എത്ര തസ്തികകൾ അപ്ഗ്രേഡ് ചെയ്തു എന്നും ഏതെല്ലാം ഉദ്യോഗസ്ഥർക്കു വേണ്ടിയാണ് അപ്ഗ്രഡേഷൻ നടത്തിയതെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിനു പുറത്ത് നോർക്കയുടെ എത്ര സെന്ററുകൾ ആരംഭിച്ചു എന്നും അതിനായി പ്രതിവർഷം എത്ര രൂപ ചെലവാകുമെന്നും വ്യക്തമാക്കുമോ;

(ഇ) 2008, 2009, 2010, 2011, 2012 എന്നീ വർഷങ്ങളിൽ നോർക്കയിൽ വന്ന ഫയലുകളുടെ എണ്ണവും തീർപ്പാക്കിയ ഫയലുകളുടെ എണ്ണവും വ്യക്തമാക്കുമോ;

(എഫ്) നോർക്കയിലെ ഭരണചെലവ് കൂടുന്നതിനനുസരിച്ച് സേവനം വർദ്ധിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

ഹെൽപ്പ് ഡെസ്ക്

3073

ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദേശത്ത് മലയാളികളുടെ തിരോധാനവുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പരാതികളിൽ എത്ര എണ്ണം പരിഹരിക്കപ്പെട്ടുവെന്ന് വ്യക്തമാക്കുമോ ;

(സി) പ്രവാസിമലയാളികളുടെ ആവശ്യവുമായി ബന്ധപ്പെട്ട് നോർക്ക സെക്ഷനിൽ എത്തുന്നവരോട് ഉദ്യോഗസ്ഥർ അപമര്യാദയായി പെരുമാറുന്നു എന്ന് പരാതി ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അത് ഏത് ഉദ്യോഗസ്ഥനാണെന്നും പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഇ) വിദേശമലയാളി പ്രശ്നവുമായി ബന്ധപ്പെട്ട് നോർക്ക സെക്ഷനിൽ എത്തുന്നവരെ സഹായിക്കുന്നതിനും അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും സെക്രട്ടേറിയറ്റിൽ ഹെൽപ്പ് ഡെസ്ക് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) നോർക്കയിൽ നൽകുന്ന പരാതികൾ സംബന്ധിച്ച പുരോഗതി പരാതിക്കാരെ അറിയിക്കാൻ നടപടി സ്വീകരിക്കുമോ ?